**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** **23-01-2025 - ൽ മറുപടിയ്ക്ക്**

**വാതിൽ പടി സേവനത്തിന് നൽകാനുള്ള കരാർ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാതിൽപടി സേവനം നടത്തുന്ന കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക തുക നൽകാനുണ്ട്; ഇത് എത്രയാണ് എന്ന് വിശദമാക്കുമോ; | (എ) | റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ വിട്ടെടുപ്പ് / വാതിൽപ്പടി വിതരണം എന്നിവയുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യ ചെലവുകളായി NFSA ഗതാഗത കരാറുകാർക്ക് നൽകുവാനുള്ള തുകകളിൽ, 2024 സെപ്റ്റംബർ മാസം വരെയുള്ള തുകകൾ നൽകിയിട്ടുള്ളതാണ്. 2024 ഒക്ടോബർ, നവംബർ മാസങ്ങളിലെ കുടിശിക തുകകൾ യഥാക്രമം 14.56 കോടി, 13.52 കോടി രൂപയാണ് (ആകെ 28.08 കോടി). ഈ തുകകളിൽ 2024 ഒക്ടോബർ മാസം നൽകുവാനുള്ള തുകകളിൽ 8.47 കോടി രൂപയും നവംബർ മാസം നൽകുവാനുള്ള തുകകളിൽ 0.39 കോടി രൂപയും (ആകെ 8.86 കോടി) കരാറുകാർക്ക് ഇതുവരെ വിതരണം നടത്തിയിട്ടുണ്ട്. ഇനി നൽകുവാനുള്ള തുക **19.22 കോടി** രൂപയാണ് (28.08-8.86=19.22 കോടി). കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിന് ശേഷം നൽകുവാനുള്ള തുക **11.35 കോടി** രൂപയാണ്.<br><br>ഇതിനു പുറമേ 2024 മാർച്ച് മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ളതും വിതരണം ചെയ്യുവാൻ തടസങ്ങൾ ഇല്ലാത്തതുമായ **0.7 കോടി രൂപ** കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്. |
| (ബി) | വാതിൽപ്പടി സേവനം നടത്തുന്ന കരാറുകാർക്ക് തുക നൽകാത്തത് മൂലം റേഷൻ വിതരണം പ്രതിസന്ധിയിലേക്ക് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക അടിയന്തരമായി നൽകുവാനും റേഷൻ വിതരണം കാര്യക്ഷമമായി നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | റേഷൻ വിട്ടെടുപ്പ്/ വാതിൽപ്പടി വിതരണം നടത്തുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാർ കരാർ പ്രകാരമുള്ള വേതനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാരണത്താൽ ചില മാസങ്ങളിൽ മെല്ലെപോക്ക് നയം സ്വീകരിക്കുന്നുണ്ട്. എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് സൂക്ഷിക്കുന്നതിനാൽ, വാതിൽപ്പടി വിതരണത്തിൽ വരുന്ന കാലതാമസം റേഷൻ വിതരണത്തെ |

| | | | |
|---|---|---|---|
| | | | ബാധിക്കാത്ത തരത്തിൽ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ വാതിൽപ്പടി വിതരണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം കോമ്പിനേഷൻ ബില്ലിംഗ് സംവിധാനം അനുവദിച്ചും ആവശ്യമെങ്കിൽ വിതരണ തീയതി നീട്ടി നൽകിയും എല്ലാ ഗുണഭോക്താക്കൾക്കും ഓരോ മാസത്തെയും അർഹതപ്പെട്ട റേഷൻ വാങ്ങുന്നതിന് അവസരം ഒരുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ